സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 160 2025 സെപ്തംബർ 26 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

നാലംഗ കുടുംബം എൻഎസ്എസ് അംഗത്വം ഉപേക്ഷിച്ചു

പെരുന്ന: എൻഎസ്എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ ശബരിമല വിഷയത്തിലെ നിലപാടിൽ പ്രതിഷേധിച്ച് എൻഎസ്എസ് അംഗത്വം രാജിവച്ച് ഒരു കുടുംബം. ചങ്ങനാശ്ശേരി പുഴവാതിൽ സ്വദേശി ഗോപകുമാർ സുന്ദരൻ, ഭാര്യ അമ്പിളി ഗോപകുമാർ, മക്കളായ ആകാശ് ഗോപൻ, ഗൗരി ഗോപൻ എന്നിവരാണ് അംഗത്വം രാജിവെച്ചത്. സുകുമാരൻ നായരുടെ പക്ഷപാതപരമായ അഭിപ്രായ പ്രകടനങ്ങളും രാഷ്ട്രീയചായ്‌വും കാരണമാണ് രാജിവെക്കുന്നത് എന്നാണ് കത്തിൽ. രാജിക്കത്ത് എൻഎസ്എസ് സെക്രട്ടറിക്കും പ്രസിഡന്റിനും കൈമാറി. അതേസമയം, പത്തനംതിട്ട പ്രമാടത്തും എൻഎസ്എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻനായർക്കെതിരെ ബാനർ പ്രത്യക്ഷപ്പെട്ടു. കഴിഞ്ഞ ദിവസം പത്തനംതിട്ടയിൽ കണ്ട കട്ടപ്പ ബാനർ തന്നെയാണ് പ്രമാടത്തും കണ്ടത്. സ്വന്തം കുടുംബത്തിനായി സമുദായത്തെ പിന്നിൽ നിന്ന് കുത്തി പിണറായിക്ക് പാദസേവ ചെയ്യുന്നു എന്നാണ് ബാനർ.

സ്വർണക്കടത്തു കേസിൽ സംസ്ഥാന സർക്കാരിന് തിരിച്ചടി

ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാനുള്ള സ്റ്റേ തുടരും

കൊച്ചി: സ്വർണ്ണക്കടത്തു കേസിൽ സംസ്ഥാനസർക്കാരിന് തിരിച്ചടി. കേസുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഉദ്യോഗസ്ഥർക്കെതിരെ ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാനുള്ള നടപടി സ്റ്റേചെയ്ത സിംഗിൾ ബെഞ്ച് വിധിക്കെതിരെ സംസ്ഥാന സർക്കാൻ സമർപ്പിച്ച അപ്പീൽ ഡിവിഷൻ ബെഞ്ചും തള്ളി. ഇതോടെ കമ്മീഷൻ നിയമനത്തിനുള്ള സ്റ്റേ തുടരും. സ്വർണക്കടത്തുകേസ് നിലനിൽക്കുന്ന കാലത്തോളം ഇഡി ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണം സ്റ്റേ ചെയ്യണമെന്ന് ഇഡി ആവ്യപ്പെട്ടിരുന്നു.

1952ലെ കമ്മിഷൻ ഒഫ് എൻക്വയറി ആക്ട് പ്രകാരം കേന്ദ്ര ഏജൻസിക്കെതിരെ സംസ്ഥാന സർക്കാരിന് ഇത്തരത്തിലൊരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ അധികാരമില്ലെന്നും അതിനാൽ കമ്മീഷനെ നിയമിച്ച മുഖ്യമന്ത്രിയുടെ നിലപാട് അധികാര ദുർവിനിയോഗമാണെന്നായിരുന്നു ഇഡി വാദിച്ചത്. കമ്മിഷന് നിമയപരമായി സാധുതയില്ലെന്നും കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതെന്നും ഇഡി കോടതിയെ അറിയിച്ചു.

എന്നാൽ, കമ്മീഷൻ നിയമനത്തിനെതിരായ ഇഡിയുടെ ഹർജി നിലനിൽക്കില്ലെന്നായിരുന്നു സർക്കാർ കോടതിയിൽ വാദിച്ചത്. ഇത് തള്ളിക്കൊണ്ടാണ് സിംഗിൾ ബെഞ്ച് ഉത്തരവിറക്കിയത്. ഇതിനെതിരെയാണ് സർക്കാർ അപ്പീൽ നൽകിയത്. ആ അപ്പീലാണ് ഇപ്പോൾ ഡിവിഷൻ ബെഞ്ച് തള്ളിയത്.

സ്വർണക്കടത്തുകേസിൽ മുഖ്യമന്ത്രി, അന്നത്തെ നിയമസഭാ സ്പീക്കർ തുടങ്ങിയവരെ ഉൾപ്പെടുത്താൻ കേന്ദ്ര ഏജൻസികൾ ഗൂഢാലോചന നടത്തിയോ എന്ന് അന്വേഷിക്കാനാണ് സർക്കാർ കമ്മീഷനെ നിയമിച്ചത്.

വി ശങ്കരൻകുട്ടി മേനോൻ അന്തരിച്ചു

പുത്തൂർ: മുതിർന്ന അഭിഭാഷക ഗുമസ്തനും കേരള അഡ്വക്കറ്റ് ക്ലർക്ക് അസോസിയേഷൻ സ്ഥാപക ജനറൽ സെക്രട്ടറിയും തൃശൂർ യൂണിറ്റ് സീനിയർ മെമ്പറുമായ ചക്കേടത്ത് വീട്ടിൽ വി ശങ്കരൻകുട്ടി മേനോൻ (82) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ പാറമേക്കാവ് ശാന്തിഘട്ടിൽ. രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ സജീവമായിരുന്ന ശങ്കരൻകുട്ടിമേനോൻ എൻ എസ് എസിന്റെ പ്രമുഖ നേതാക്കളിൽ ഒരാളായിരുന്നു.

മരുന്നിലും കൈവച്ച് ട്രംപ്, ഇന്ത്യയ്ക്ക് വൻ തിരിച്ചടി

വാഷിംഗ്ടൺ: ഇറക്കുമതി ചെയ്യുന്ന ബ്രാൻഡഡ്, പേറ്റന്റ് മരുന്നുകൾക്ക് 2025 ഒക്ടോബർ ഒന്ന് മുതൽ 100ശതമാനം തീരുവ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അമേരിക്കയിൽ പ്ലാന്റുകൾ സ്ഥാപിച്ച് മരുന്നുകൾ നിർമ്മിക്കുന്ന കമ്പനികളെ തീരുവയിൽ നിന്ന് ഒഴിവാക്കുമെന്നും ട്രംപ് വ്യക്തമാക്കി.

തീരുവ നയങ്ങളിലൂടെ രാജ്യത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനാണ് ട്രംപിന്റെ നീക്കം. ഇറക്കുമതിക്കാർക്ക് അധിക നികുതിയുടെ ഭാരം ഉപഭോക്താക്കളിലേക്ക് കൈമാറാൻ കഴിയില്ലെന്നും ഇത് വിലക്കയറ്റത്തിന് കാരണമാകില്ലെന്നും അദ്ദേഹം വാദിച്ചു.

ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനികളെ ട്രംപിന്റെ പുതിയ തീരുവ കാര്യമായി ബാധിക്കും. ഇന്ത്യയുടെ ഫാർമ കയറ്റുമതിയുടെ ഏകദേശം 40ശതമാനം അമേരിക്കൻ വിപണിയിലേക്കാണ്. 50ശതമാനം താരിഫ് ഏർപ്പെടുത്തിയാൽ ഇന്ത്യൻ ഫാർമ കമ്പനികളുടെ വരുമാനം 2026 സാമ്പത്തിക വർഷത്തിൽ അഞ്ച് മുതൽ 10ശതമാനം വരെ കുറയാൻ സാദ്ധ്യതയുണ്ടെന്ന് നേരത്തെ എസ്ബിഐ റിസർച്ച് പുറത്തുവിട്ട റിപ്പോർട്ടിൽ മുന്നറിയിപ്പ് നൽകിയിരുന്നു.

പല വമ്പൻ ഇന്ത്യൻ ഫാർമ കമ്പനികളുടെയും വരുമാനത്തിന്റെ 40-50ശതമാനം യു.എസ്. വിപണിയിൽ നിന്നാണ്. വർദ്ധിച്ച ചെലവ് ഉപഭോക്താക്കളിലേക്ക് കൈമാറാൻ കമ്പനികൾക്ക് കഴിയാത്തതിനാൽ പുതിയ തീരുവ ഇന്ത്യൻ മരുന്നുകളുടെ മത്സരക്ഷമത കുറയ്ക്കുകയും ലാഭവിഹിതം കുറയ്ക്കുകയും ചെയ്യും.

മരുന്നുകൾക്ക് പുറമെ, അടുക്കള കാബിനറ്റുകൾക്കും ബാത്ത്റൂം വാനിറ്റികൾക്കും 50 ശതമാനവും, ഫർണിച്ചറിന് 30 ശതമാനവും, ഹെവി ട്രക്കുകൾക്ക് 25ശതമാനവും ഇറക്കുമതി തീരുവ ഒക്ടോബർ ഒന്നു മുതൽ നിലവിൽ വരുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. ഈ തീരുവ ദേശീയ സുരക്ഷയ്ക്കാണെന്ന് ട്രൂത്ത് സോഷ്യലിൽ അദ്ദേഹം കുറിച്ചു.

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ പണപ്പെരുപ്പം പ്രശ്നമല്ലെന്ന് ട്രംപ് ആവർത്തിക്കുമ്പോഴും കഴിഞ്ഞ 12 മാസത്തിനിടെ ഉപഭോക്തൃ വില സൂചിക 2.9ശതമാനം വർദ്ധിച്ചതായി അസോസിയേറ്റഡ് പ്രസ് റിപ്പോർട്ട് ചെയ്തു. 2024ൽ അമേരിക്ക 233 ബില്യൺ ഡോളറിന്റെ ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളാണ് ഇറക്കുമതി ചെയ്തത്. പുതിയ താരിഫുകൾ വീടുകൾ നിർമ്മിക്കുന്നവർക്ക് കൂടുതൽ ചെലവുണ്ടാക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

'മാറ്റിപറയില്ല, കോലിട്ടിളക്കിയാൽ പ്രത്യാഘാതം പ്രയാസമായിരിക്കും': സുരേഷ് ബാബു

പാലക്കാട്: ഷാഫി പറമ്പിൽ എംപിക്കെതിരെ പറഞ്ഞ കാര്യങ്ങൾ മാറ്റി പറയാനില്ലെന്ന് സിപിഎം ജില്ലാ സെക്രട്ടറി ഇഎൻ സുരേഷ് ബാബു. കോൺഗ്രസിന് പരാതി കൊടുക്കാമെന്നും പറഞ്ഞ കാര്യങ്ങൾ അതേപോലെ നിലനിൽക്കുകയാണെന്നും അദ്ദേഹം പ്രതികരിച്ചു. കോൺഗ്രസിനകത്ത് ഷാഫിയെ വീഴ്ത്താൻ നടക്കുന്നവർ മുന്നോട്ട് പോകുമെന്നും അനാവശ്യമായി കോലിട്ടിളക്കിയാൽ പ്രത്യാഘാതം നല്ല പ്രയാസമായിരിക്കുമെന്നും സുരേഷ് ബാബു കൂട്ടിച്ചേർത്തു. കേരളത്തിലെ വികസനമാണ് ചർച്ച ചെയ്യേണ്ടതെന്നും നേതാക്കളുടെ അശ്ലീലങ്ങൾ ചർച്ച ചെയ്യാൻ താൽപര്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, സുരേഷ് ബാബുവിന്റെ അധിക്ഷേപ പരാമർശത്തിൽ കോൺഗ്രസ് പ്രവർത്തകർ ഇന്നലെ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. പന്തംകൊളുത്തിയായിരുന്നു പ്രതിഷേധം. എതിരാളികൾക്കെതിരെ ആരോപണങ്ങളും കടന്ന് അധിക്ഷേപമെന്ന രീതിയാണോ സിപിഎമ്മിന്റെ തിരഞ്ഞെടുപ്പ് തന്ത്രമെന്ന് ഷാഫി പറമ്പിലും ചോദിച്ചു. സംഭവത്തിൽ പ്രതിപക്ഷനേതാവ് വിഡി സതീശനും പ്രതികരിച്ചു. അപവാദ പ്രചാരണങ്ങൾ നടത്തുന്നതിനുവേണ്ടി മാത്രമായി സിപിഎം വലിയ സംഘത്തെ ഇറക്കിവിട്ടിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. സുരേഷ് ബാബുവിന്റെ പരാമർശം ധാർമികതയ്ക്ക് നിരക്കാത്തതാണെന്ന് മുസ്‌ലിം ലീഗ് അഖിലേന്ത്യാ സെക്രട്ടറി പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു.

ലൈംഗിക പീഡന ആരോപണങ്ങൾ നേരിട്ട രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കോൺഗ്രസിൽ നിന്ന് പുറത്താക്കുക തന്നെ വേണമെന്ന് ആവശ്യപ്പെടാൻ ഷാഫി പറമ്പിലിനെ വെല്ലുവിളിക്കുകയാണെന്ന് പറഞ്ഞാണ് സുരേഷ് ബാബു അധിക്ഷേപ പരാമർശം നടത്തിയത്. ഈ കാര്യത്തിൽ കൂട്ടുക്കച്ചവടമാണ് ഷാഫിയും രാഹുലും നടത്തുന്നതെന്നും അദ്ദേഹം പരിഹസിച്ചിരുന്നു. ആരെയെങ്കിലും നന്നായി കണ്ടാൽ ബംഗളൂരു ട്രിപ്പ് അടിക്കുകയല്ലേ എന്ന് ഹെഡ്മാഷ് ചോദിക്കുമെന്ന് ദ്വയാർത്ഥത്തോടെ സുരേഷ് ബാബു പറഞ്ഞിരുന്നു.

സ്വർണവിലയിൽ വീണ്ടും വർദ്ധനവ്

തൃശൂർ: സ്വർണവിലയിൽ ഇന്ന് വർധനവ്. റെക്കോർഡ് കുതിപ്പിൽ നിന്നും രണ്ടു ദിവസം മുൻപാണ് സ്വർണവിലയിൽ ഇടിവ് സംഭവിച്ചത്. ഇന്ന് ഒരു പവൻ സ്വർണത്തിന് 84,240 രൂപ നൽകണം. ഒരു ഗ്രാം സ്വർണത്തിന് 10,530 രൂപയാണ് വില. ഇന്നലെ ഒരു പവൻ സ്വർണത്തിന് 83,920 രൂപയായിരിന്നു വില. 320 രൂപയുടെ വർധനവാണ് സംഭവിച്ചിരിക്കുന്നത്.

ലോറി മറിഞ്ഞ് അപകടം

തൃശ്ശൂർ എറണാകുളം ദേശീയപാതയിൽ പേരാമ്പ്ര അപ്പോളോ ടയേഴ്സിന് സമീപം ലോറി മറിഞ്ഞ് അപകടം; ആർക്കും പരുക്കില്ല, നിർത്തിയിട്ടിരുന്ന നെല്ല് കയറ്റിയ ലോറിക്ക് പിറകിൽ ടോറസ് ലോറി ഇടിച്ചാണ് അപകടമുണ്ടായത്. നെല്ല് കയറ്റിയ ലോറിയാണ് മറിഞ്ഞത്.

വിദേശ മദ്യവുമായി പിടിയിൽ

ചേലക്കര: എളനാട് വാഹന പരിശോധനക്കിടെ 9 ലിറ്റർ വിദേശ മദ്യവുമായി ചേലക്കര സ്വദേശി പിടിയിൽ. ചേലക്കര വെങ്ങാനല്ലൂർ സ്വദേശി വടക്കൻ വീട്ടിൽ ചേറു ആണ് പിടിയിലായത്.

സുകുമാരൻ നായരുടെ പ്രസ്താവന ശരിയല്ല: പന്തളം കൊട്ടാരം

പത്തനംതിട്ട: ആചാര സംരക്ഷണത്തിൽ നിന്ന് പിന്നോട്ട് പോയെന്ന എൻഎസ്എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ പ്രസ്താവന ശരിയല്ലെന്ന് പ്രതികരിച്ച് പന്തളം കൊട്ടാരം. പന്തളം കൊട്ടാരം ആചാരസംരക്ഷണത്തിന് വേണ്ടി തന്നെയാണ് നിലനിൽക്കുന്നത്. അതിൽ നിന്ന് പിൻവാങ്ങിയിട്ടില്ല. 2018ലെ സ്ഥിതി എങ്ങനെയോ അതിൽനിന്നും ഒട്ടുംതന്നെ പിൻവാങ്ങിയിട്ടില്ല. ആചാരങ്ങളും പൂജകളും വൈദികരീതിയിൽ തന്നെ നിലനിൽക്കണം അതിൽ മാറ്റം വരുത്താൻ പാടില്ലെന്നുതന്നെയാണ് ഇപ്പോഴും എപ്പോഴുമുള്ള നിലപാട് അതിന് മാറ്റമില്ലെന്ന് കൊട്ടാരം നിർവാഹകസംഘം പ്രസിഡന്റ് എൻ ശങ്കർ വർമ്മ അറിയിച്ചു.

ആചാരസംരക്ഷണത്തിൽ പന്തളം കൊട്ടാരം എന്നും ഭക്തർക്കൊപ്പമുണ്ടായിരുന്നെന്ന് നിർവാഹകസംഘം കമ്മിറ്റിയംഗം പി എൻ നാരായണ വർമ്മയും നേരത്തെ പ്രതികരിച്ചിരുന്നു. എൻ എസ് എസ് 2018ൽ അന്ന് വളരെയധികം കാര്യങ്ങൾ ചെയ്തിരുന്നു. ഇപ്പോൾ എന്തുകൊണ്ട് ആ നിലപാട് മാറിയെന്നറിയില്ല. അതിന് പിന്നിൽ മറ്റ് കാരണങ്ങളുണ്ടാകാം എന്ന് നാരായണ വർമ്മ പറഞ്ഞു.

വിശ്വാസ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനെ പിന്തുണയ്ക്കുന്നത് സമദൂര നിലപാടിലെ ശരി കണ്ടെത്തിയാണെന്ന് നേരത്തെ എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പ്രതികരിച്ചിരുന്നു. 'സർക്കാരുകളുടെ തെറ്റായ നയങ്ങളെയാണ് എന്നും എൻ.എസ്.എസ് എതിർത്തിട്ടുള്ളത്. ശരി ചെയ്യുമ്പോൾ അത് ശരിയെന്നും പറഞ്ഞിട്ടുണ്ട്. വിശ്വാസ വിഷയത്തിൽ സർക്കാർ ശരിയുടെ പാതയിലാണ്. സർക്കാർ തെറ്റുതിരുത്തി. പിന്നീടൊരിക്കലും യുവതികളെ പ്രവേശിപ്പിച്ചില്ല.

ശബരിമല വികസനത്തിന് കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഇതെല്ലാം സ്വാഗതാർഹമായ കാര്യങ്ങളാണ്'

അറസ്റ്റ് പേടിച്ച് വിമാനത്തിന്റെ റൂട്ട് മാറ്റി നെതന്യാഹു

ടെൽഅവീവ്: യൂറോപ്യൻ രാജ്യങ്ങൾ അറസ്റ്റ് ചെയ്തേക്കുമോ എന്ന ഭയത്തെ തുടർന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു സഞ്ചാരപാത മാറ്റിയെന്ന് റിപ്പോർട്ട്. ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുക്കാൻ പോകവേയാണ് യൂറോപ്പിൻറെ ആകാശം നെതന്യാഹു ഒഴിവാക്കിയത്. യുദ്ധക്കുറ്റങ്ങളുടെ പേരിലാണ് രാജ്യാന്തര ക്രിമിനൽ കോടതി 2024 നവംബറിൽ നെതന്യാഹുവിന് അറസ്റ്റ് വാറൻറ് പുറപ്പെടുവിച്ചത്.

യൂറോപ്പിന്റെ ഭൂരിഭാഗം വ്യോമപാതയും ഒഴിവാക്കിയതോടെ നെതന്യാഹുവിന്റെ വിമാനമായ 'വിങ്സ് ഓഫ് സയൺ' 373 മൈൽ (600 കിലോ മീറ്റർ) അധികം സഞ്ചരിക്കേണ്ടി വന്നുവെന്നാണ് ഫ്ളൈറ്റ് ട്രാക്കിങ് ഡാറ്റകൾ വ്യക്തമാക്കുന്നത്. നെതന്യാഹുവിന് പുറമെ ഇസ്രയേലിന്റെ മുൻ പ്രതിരോധമന്ത്രി യോവ് ഗാലന്റിനും ഐസിസിയുടെ അറസ്റ്റ് വാറൻറുണ്ട്. ഗാസയിൽ ഇസ്രയേൽ നടത്തിയ മനുഷ്യത്വ രഹിതമായ കൂട്ടക്കുരുതിയിലാണ് വാറൻറ്.

തങ്ങളുടെ അതിർത്തിയിൽ നെതന്യാഹു എന്ന് പ്രവേശിച്ചാലും അറസ്റ്റ് ചെയ്യുമെന്ന് രാജ്യാന്തര ക്രിമിനൽ കോടതി അംഗങ്ങളായ ചില യൂറോപ്യൻ രാഷ്ട്രങ്ങൾ നേരത്തെ വ്യക്തമാക്കിയിരുന്നു. യൂറോപ്യൻ രാജ്യങ്ങളുടെ വ്യോമാതിർത്തിയിൽ കടന്നാൽ വിമാനം നിലത്തിറക്കേണ്ടി വരുമെന്നും അറസ്റ്റിലാകുമെന്നും ഉറപ്പായതിന് പിന്നാലെയാണ് സഞ്ചാരപാത നെതന്യാഹു മാറ്റിയത്. രാജ്യത്ത് കടന്നാൽ അറസ്റ്റ് ചെയ്യുമെന്ന് അയർലൻഡാണ് ആദ്യം പ്രഖ്യാപിച്ചത്. അതേസമയം, ഐസിസി അന്വേഷണത്തോട് സഹകരിക്കുമെന്നായിരുന്നു സ്പെയിനിന്റെ പ്രസ്താവന. ഫ്രാൻസാവട്ടെ നെതന്യാഹുവിനെ അറസ്റ്റ് ചെയ്യില്ലെന്ന് നിലപാടെടുത്തു. അതേസമയം പുട്ടിന്റെ കാര്യത്തിൽ തീർത്തും വിഭിന്നമായ നിലപാടാണ് ഫ്രാൻസ് കൈക്കൊണ്ടത്. ഇസ്രയേലിനെയും അമേരിക്കയെയും പോലെ റഷ്യയും രാജ്യാന്തര ക്രിമിനൽ കോടതിയിൽ അംഗമല്ല.

9 വർഷം ശബരിമലക്കു വേണ്ടി ചെറുവിരൽ അനക്കിയില്ല, തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് മാസ്റ്റർ പ്ലാൻ

തിരു : കേരളത്തിലെ സർക്കാരിന് ഇത്രയും വർഷമില്ലാത്ത അയ്യപ്പ ഭക്തി പെട്ടെന്നെങ്ങനെ ഉണ്ടായെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. ശബരിമല ആചാര ലംഘനത്തെ അനുകൂലിച്ച് നൽകിയ സത്യവാങ്മൂലം തിരുത്താൻ സർക്കാർ തയ്യാറാകുമോ? പിണറായി വിജയന് പറ്റിയ കൂട്ടാണ് യോഗി ആദിത്യനാഥെന്നും പ്രതിപക്ഷ നേതാവ് മാദ്ധ്യമങ്ങളോട് പറഞ്ഞു.

'എൻഎസ്എസ് ഉൾപ്പെടെയുള്ള സമുദായ സംഘടനകൾക്ക് എന്ത് തീരുമാനം വെണമെങ്കിലും എടുക്കാം. അത് അവരുടെ സ്വാതന്ത്ര്യമാണ്. ഞങ്ങൾക്ക് ഗവൺമെന്റിനോടാണ് ചോദിക്കാനുള്ളത്, 3 ചോദ്യങ്ങൾക്ക് സർക്കാർ ഉത്തരം നൽകണം. ഒന്നാമത്തേത്, ഈ പത്താം വർഷം എങ്ങനെയാണ് പെട്ടെന്നൊരു അയ്യപ്പ ഭക്തി വന്നത്. ശബരിമലയിൽ ആചാര ലംഘനത്തിന് അനുകൂലമായ സത്യവാങ്മൂലമാണ് സർക്കാർ കൊടുത്തിരിക്കുന്നത്. അത് തിരുത്താൻ സർക്കാർ തയ്യാറാകുമോ?

രണ്ടാമത്തെ ചോദ്യം, നാമജപ ഘോഷയാത്ര നടത്തിയ എൻഎസ്എസ് പ്രവർത്തകർക്കും രാഷ്ട്രീയ പ്രവർത്തകർക്കും ഉൾപ്പെടെ ആയിരക്കണക്കിന് കേസുകളാണ് എടുത്തിരിക്കുന്നത്. അതൊന്നും ഇതുവരെ പിൻവലിച്ചിട്ടില്ല. അയ്യപ്പ സംഗമത്തിന് മുമ്പ് ആ കേസുകൾ പിൻവലിക്കേണ്ടതല്ലേ. 9 വർഷം ശബരിമലയുടെ വികസനത്തിന് വേണ്ടി ചെറുവിരൽ പോലും അനക്കിയില്ല. പത്താം വർഷമാണ് മാസ്റ്റർ പ്ലാൻ ഇറക്കിയത്.

തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ശബരിമല മാസ്റ്റർ പ്ലാനുമായി ഇറങ്ങിയ കപട ഭക്തിക്കാരെ ജനങ്ങൾക്ക് മുന്നിൽ തുറന്നുകാട്ടേണ്ട രാഷ്ട്രീയ ദൗത്യം ആണ് ഞങ്ങൾ ഏറ്റെടുത്തത്. സർക്കാരിന്റെ യഥാർത്ഥ മുഖം ജനങ്ങൾക്ക് മുന്നിൽ കാണിക്കേണ്ട ഉത്തരവാദിത്തം ഞങ്ങൾക്കുണ്ടായിരുന്നു. യോഗി ആദിത്യനാഥിന്റെ സന്ദേശം കണ്ട് ഒരു മന്ത്രി കോൾമയിർ കൊള്ളുകയാണ്. ഇത് കണ്ട് എത്ര ബിജെപിക്കാർ കോരിത്തരിച്ചുകാണും. വിദ്വേഷ പ്രസംഗം നടത്തുന്ന ആളുകളെ വേദിയിൽ കൊണ്ടുവന്നതിലൂടെ എന്ത് സന്ദേശമാണ് നൽകുന്നത്.

കേരളത്തിൽ ബിജെപിക്കും വർഗീയ ശക്തികൾക്കും ഇടംനൽകിക്കൊണ്ടുള്ള ഇടപെടലാണ് ഇപ്പോൾ സിപിഎം നടത്തുന്നത്. പച്ചയ്ക്കുള്ള വർഗീയതയാണിത്. യോഗി ആദിത്യനാഥ് പിണറായി വിജയന് പറ്റിയ നല്ല കൂട്ടുകാരനാണ്. ആര് വർഗീയത പറഞ്ഞാലും കേരളത്തിലെ യുഡിഎഫ് എതിർക്കും. അതിന്റെ പേരിൽ എന്ത് പ്രശ്നം വന്നാലും സഹിക്കാൻ ഞങ്ങൾ തയ്യാറാണ്. '

'കോണ്ടത്തെക്കുറിച്ച് ചോദിക്കും, പെൺകുട്ടികളെല്ലാം പുറത്തിറങ്ങുന്നത് കരഞ്ഞുകൊണ്ട്, ഒരാളുടെ വസ്ത്രം കീറിയിരുന്നു'



ന്യൂഡൽഹി: ശ്രീ ശാരദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ മാനേജ്മെന്റിന്റെ ഡയറക്ടറായിരുന്ന സ്വാമി ചൈതന്യാനന്ദ സരസ്വതിക്കെതിരെയുള്ള എഫ്ഐആറിലെ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്. 17 പെൺകുട്ടികളാണ് സ്വാമിക്കെതിരെ പൊലീസിൽ പരാതി നൽകിയത്. തുടർന്ന് എഫ്ഐആർ രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് ചൈതന്യാനന്ദ സ്വാമിയുടെ ഞെട്ടിപ്പിക്കുന്ന ക്രൂരതകൾ പുറത്തുവന്നത്.

പെൺകുട്ടികൾ താമസിച്ചിരുന്ന ഹോസ്റ്റലിന്റെ എല്ലാ ഭാഗത്തും സിസിടിവി ക്യാമറകൾ സ്ഥാപിച്ചിരുന്നു. ശുചിമുറിയുടെ ഭാഗത്ത് പോലും ക്യാമറ ഉണ്ടായിരുന്നു. ഈ ദൃശ്യങ്ങളെല്ലാം ചൈതന്യാനന്ദ ഫോണിലൂടെ കാണാറുണ്ടായിരുന്നു. ശേഷം കുട്ടികളോട് ശുചിമുറിയിൽ പോകുന്നതിനെക്കുറിച്ച് ഇയാൾ ചോദിച്ചു. ലൈംഗിക ബന്ധത്തിലേർപ്പെടുമ്പോൾ കോണ്ടം ഉപയോഗിക്കാറുണ്ടോ എന്നും ചൈതന്യാനന്ദ പെൺകുട്ടികളോട് ചോദിച്ചു. രാത്രിയിൽ ഇയാൾ പെൺകുട്ടികൾക്ക് അശ്ലീല സന്ദേശങ്ങൾ അയക്കുന്നതും പതിവായിരുന്നു.

ചൈതന്യാനന്ദ സരസ്വതിയുടെ ഓഫീസിൽ നിന്നും പെൺകുട്ടികൾ കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോകുന്നത് പതിവായി കണ്ടിരുന്നെന്നും ഒരാളുടെ വസ്ത്രം കീറിയ നിലയിൽ കണ്ടതായും ഒരു പെൺകുട്ടി മൊഴി നൽകി. ഹോളി ആഘോഷവേളയിലും സ്വാമി അതിരുവിട്ട് പെരുമാറി. പെൺകുട്ടികളെ വരിയിൽ നിർത്തിയ ശേഷം ചൈതന്യാനന്ദ അവരുടെ മുഖത്തും മുടിയിലും നിറങ്ങൾ തേച്ചു. ഇതിനുശേഷമേ ആഘോഷങ്ങൾ ആരംഭിക്കാവൂ എന്ന് നിർദേശം നൽകി. രാത്രികാലങ്ങളിൽ ചൈതന്യാനന്ദ താമസിച്ചിരുന്ന വസതിയിലേക്കും പെൺകുട്ടികളെ വിളിച്ച് വരുത്തുമായിരുന്നു.

രാജ്യത്തിനകത്തും പുറത്തും ഒപ്പം യാത്ര ചെയ്യാൻ പെൺകുട്ടികളെ നിർബന്ധിച്ചു. ചൈതന്യാനന്ദ സരസ്വതിയുടെ ഇഷ്ടങ്ങൾക്ക് വഴങ്ങാത്ത വിദ്യാർത്ഥികൾ ഒട്ടേറെ ബുദ്ധിമുട്ടുകൾ സഹിച്ചിരുന്നു. ഹാജർ നൽകാതിരിക്കുക, ഉയർന്ന ഫീസ് വാങ്ങുക തുടങ്ങിയ കാര്യങ്ങളാണ് ഇത്തരത്തിൽ ചെയ്തിരുന്നത്. പീഡനങ്ങളെക്കുറിച്ച് മുമ്പ് പരാതി നൽകിയ സംഭവങ്ങൾ ജീവനക്കാർ ഇടപെട്ട് മൂടിവച്ചുവെന്നും എഫ്ഐആറിലുണ്ട്.

ഫുട്ബോൾ കളിക്കാനായി യാത്ര, മീൻവണ്ടി കയറിയിറങ്ങി; ദാരുണാന്ത്യം

കൊല്ലം: പോർട്ട് റോഡിൽ അമിതവേഗത്തിൽ വന്ന മീൻ വണ്ടി ശരീരത്തിലൂടെ കയറിയിറങ്ങി പതിനൊന്നുകാരന് ദാരുണാന്ത്യം. മൂതാക്കര സുനാമി ഫ്ളാറ്റ് 149-ൽ ജോസഫ് അലക്സ്-തസ്നസ് ദമ്പതിമാരുടെ മകൻ രോഹിത് ആണ് മരിച്ചത്. പോർട്ടിന് തൊട്ടുമുന്നിൽ ഇന്നലെ വൈകീട്ട് നാലുമണിയോടെയാണ് അപകടം. കൂട്ടുകാർക്കൊപ്പം ഫുട്ബോൾ കളിക്കാൻ പോകുകയായിരുന്നു രോഹിത്. ഡിവൈഡർ കടന്ന് നടന്നുപോകവെ പോർട്ടിൽനിന്നിറങ്ങിവന്ന വണ്ടിയിടിച്ചു വീണ കുട്ടിയുടെ ദേഹത്തുകൂടി വാഹനം കയറിയിറങ്ങുകയായിരുന്നു.

പോർട്ടിന് മുന്നിൽ മീൻകച്ചവടക്കാരുടെ തിരക്കുണ്ടായിരുന്നു. തങ്കശ്ശേരി ഭാഗത്തേക്ക് പോകുകയായിരുന്ന വണ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജൽ ജീവൻ മിഷൻ പദ്ധതി

തൃശൂർ: ജൽ ജീവൻ മിഷൻ പദ്ധതികളുടെ പേരിൽ സർക്കാർ നൽകേണ്ട കുടിശിക ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ കരാറുകാർ ആത്മഹത്യയുടെ വക്കിലാണെന്ന് ജൽ ജീവൻ മിഷൻ കോൺട്രാക്ടേഴ്സ് സംയുക്ത സമിതി. കുടിശിക ഇനത്തിൽ സംസ്ഥാനത്തെ അറന്നൂറിലധികം കരാറുകാർക്കു കഴിഞ്ഞ 18 മാസമായി സർക്കാർ നൽകാനുള്ളത് 6,000 കോടി രൂപയാണെന്നും സംയുക്ത സമിതി ചൂണ്ടിക്കാട്ടി.

എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബൃഹദ് പദ്ധതിയാണ് ജൽ ജീവൻ മിഷൻ. മറ്റു പല സംസ്ഥാനങ്ങളിലും ഇതിനകം പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. ജലശുദ്ധീകരണശാലകൾ, ടാങ്കുകൾ, മെയിൻ പൈപ്‌ലൈനുകൾ, പമ്പുകൾ എന്നിവയുടെ ജോലികൾ പല ജില്ലകളിലും ഇപ്പോഴും എങ്ങുമെത്തിയിട്ടില്ല. കോടികളുടെ കുടിശിക നൽകാത്തതിനാൽ ജൽ ജീവൻ മിഷൻ പ്രകാരമുള്ള ജോലികൾ പൂർണമായും നിന്നു പോവുന്ന അവസ്ഥയാണ്. കരാറുകാർ പണി ഉപേക്ഷിക്കാനൊരുങ്ങുകയാണെന്നും സംയുക്ത സമിതി പത്രക്കുറിപ്പിൽ അറിയിച്ചു.

പ്രധാനമന്ത്രി മോദി 2019ലെ സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപിച്ച പദ്ധതി കേരളത്തിൽ 2020 ഒക്ടോബറിലാണ് ആരംഭിച്ചത്. കുടിശികപ്രശ്നം സർക്കാർ എത്രയും വേഗം പരിഹരിക്കണമെന്ന് ജൽ ജീവൻ മിഷൻ കോൺട്രാക്ടേഴ്സ് സംയുക്ത സമിതി പ്രസിഡന്റ് ജോസ് വാളോത്തിൽ പറഞ്ഞു. കുടിശിക ലഭിക്കാത്തതിനാൽ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ബാങ്കിന്റെ ജപ്തി നടപടിക്കു പല പ്രശ്നങ്ങളും നേരിടുകയാണ് സംസ്ഥാനത്തെ കരാറുകാർ. കടമെടുത്തിട്ടാണെങ്കിലും 20 ദിവസത്തിനുള്ളിൽ കരാറുകാരുടെ കുടിശിക നൽകുമെന്നായിരുന്നു ഒരു മാസം മുമ്പ് സർക്കാർ ഉറപ്പ് നൽകിയത്. എന്നാൽ ഒരു മാസം കഴിഞ്ഞിട്ടും സർക്കാർ കുടിശിക നൽകാൻ തയ്യാറായിട്ടില്ല. കുടിശിക വിതരണം ഇനിയും വൈകിയാൽ സംസ്ഥാന വ്യാപകമായി ശക്തമായ പ്രക്ഷോഭ പരിപാടികളുമായി സംയുക്ത സമിതി രംഗത്തു വരമെന്നും ജോസ് വാളോത്തിൽ കൂട്ടിച്ചേർത്തു.

അമലയിൽ പരിശീലന ശില്പശാല

തൃശൂർ : അമല കാൻസർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്മോൾ ലബോറട്ടറി ആനിമൽ ഹാൻഡ്‌ലിങ്ങ് ആൻഡ് എക്സ്പീരിമെന്റേഷൻ എന്ന വിഷയത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ലബോറട്ടറി ആനിമലു ളെ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾ, പരീക്ഷണ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് പ്രായോഗിക പരിചയം നൽകിയ പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളും ഗവേഷകരും പങ്കെടുത്തു.സംവേദനാത്മക സെഷനുകളും പരിശീലനവും ഉയർന്ന ശാസ്ത്രചിന്താഗതിയും കൊണ്ട് ശ്രദ്ധേയമായ ശില്പശാലയിൽ, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സർജറി ആൻഡ്റേഡിയോളജി വിഭാഗം പ്രൊഫസർ ആയിരുന്ന ഡോ.സി. ബി. ദേവാനന്ദ്, വെറ്റിനറി anatomy വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ലീന ചന്ദ്രശേഖർ, അമല കാൻസർ റിസർച്ച് സെന്റർ ബയോകെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. അച്ചുതൻ. സി. രാഘവമേനോൻ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഫർമകോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ വിനോദ് കുമാർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ജോയിന്റ് ഡയറക്ടർ ഫാ. ആന്റണി പെരിഞ്ചേരി CMI, ഇൻസ്റ്റിറ്റ്യൂഷണൽ ആനിമൽ എത്തിക്കൽ കമ്മിറ്റി ചെയർമാൻ ഡോ. ടി. ഡി. ബാബു, റിസർച്ച് അഡ്മിനിസ്ട്രേറ്റർ ഡോ. ജോബി തോമസ് തുടങ്ങിയവർ ശില്പശാല സമാപന ചടങ്ങിൽ പങ്കെടുത്തു.

ഭൂമി തരംമാറ്റത്തിന് ജീവനക്കാരെ അനുവദിക്കണം: കെ ആർ ഡി എസ് എ

മുകുന്ദപുരം:ഭൂമി തരം മാറ്റത്തിന് താലൂക്ക്, വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ അധിക തസ്തികകൾ അനുവദിക്കണ മെന്ന് കേരള റവന്യൂ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ മുകുന്ദപുരം താലൂക്ക് സമ്മേളനം ആവശ്യപ്പെട്ടു.തരം മാറ്റത്തിന് ജില്ലയിൽ കളക്ടേറ്റ്, ആർ ഡി ഒ ഓഫീസുകളിൽ 31 ജീവനക്കാരെ അനുവദിച്ചെങ്കിലും താലൂക്ക് വില്ലേജ് ഓഫീസുകളിൽ ഒരു തസ്തികയും അനുവദിച്ചില്ല.വോട്ടർ പട്ടിക തീവ്ര പരിഷ്ക്കരണം (എസ് ഐ ആർ), ആധാർ ഫീൽഡ് വെരിഫിക്കേഷൻ, കർഷക ഭൂവിവര പരിശോധന തുടങ്ങിയ പുതിയ ജോലികൾ കൂടി നിശ്ചയിച്ച് നൽകിയതോടെ അടിസ്ഥാന ജോലികൾ പോലും വില്ലേജ് ഓഫീസുകളിൽ ചെയ്തു തീർക്കാനാകാത്ത സ്ഥിതിയാണ്.എല്ലാ വില്ലേജ് ഓഫീസുകളിലും ഒരു ക്ലാർക്കിന്റെ അധിക തസ്തിക അനുവദിക്കണം. സമ്മേളനം ആവശ്യപ്പെട്ടു.

കെ ആർ ഡി എസ് എ സംസ്ഥാന കമ്മിറ്റി അംഗം ടി വി ഗോപകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു.താലൂക്ക് പ്രസിഡണ്ട് എം എ സജി അധ്യക്ഷത വഹിച്ചു.സെക്രട്ടറി ഇ എ ആശ പ്രവർത്തന റിപ്പോർട്ടും ട്രഷറർ പി സി സവിത കണക്കും അവതരിപ്പിച്ചു.

ജില്ലാ ട്രഷറർ പി ജി രജിത് സംഘടനാ റിപ്പോർട്ട്അവതരിപ്പിച്ചു. സംസ്ഥാന കമ്മിറ്റി അംഗം പ്രസീത ജി,ജില്ലാ വൈസ് പ്രസിഡന്റ് എം ജെ ആന്റു,ജോയിന്റ് കൗൺസിൽ മേഖലാ സെക്രട്ടറി പി ബി മനോജ് കുമാർ,മേഖലാ പ്രസിഡണ്ട് ഇ ജി റാണി,കണ്ണൻ ജി, സി സി സി ബീഷ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി പി സി സവിത (പ്രസിഡണ്ട്) സി സി സി ബീഷ് (വൈ. പ്രസിഡണ്ട്) കണ്ണൻ ജി (സെക്രട്ടറി) ഇ എ ആശ (ജോയിന്റ് സെക്രട്ടറി), സി ബി നീനു (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

വനിതാ കമ്മിറ്റി ഭാരവാഹികളായി ആഷിക കെ എസ് (പ്രസിഡണ്ട്) ശ്രീജ ശ്രീനിവാസൻ (സെക്രട്ടറി) എന്നിവരും തെരെഞ്ഞെടുക്കപ്പെട്ടു.

തോളൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ വാർഷികം സംഘടിപ്പിച്ചു

തൃശൂർ:തോളൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ വാർഷികം കെ. രാധാകൃഷ്ണൻ എം.പി. ഉദ്ഘാടനം ചെയ്തു. സേവ്യർ ചിറ്റിലപ്പിള്ളി എം എൽ എ അധ്യക്ഷത വഹിച്ചു. തോളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീകല കുഞ്ഞുണ്ണി മുഖ്യാതിഥിയായി. മെമ്പർ സെക്രട്ടറി ബിന്ദു ഫ്രാൻസിസ് റിപ്പോർട്ട് അവതരിപ്പിച്ചു. കുടുംബശ്രീ അംഗങ്ങളായ മുൻ പഞ്ചായത്ത് പ്രസിഡന്റുമാരെ ആദരിച്ചു. വിവിധ രംഗങ്ങളിൽ കഴിവു തെളിയിച്ച കുടുംബശ്രീ അംഗങ്ങളെ അനുമോദിച്ചു.

ജനപ്രതിനിധികളായ സരസമ്മ സുബ്രഹ്മണ്യൻ, ഷീന വിൽസൺ, ആനി ജോസ്, വി.എസ്. ശിവരാമൻ, ഷൈലജ ബാബു, കെ.ജി പോൾസൺ, വി.കെ. രഘുനാഥൻ, കെ.ആർ സൈമൺ, സി.ഡി. എസ് ചെയർപേഴ്സൺ നളിനി ചന്ദ്രൻ, കുടുംബശ്രീ സി ഡി എസ് അംഗങ്ങളായ ജയശ്രി സുരേഷ്, രാധാ രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു

വലപ്പാട് ഉപജില്ല കേരള സ്കൂൾ കലോത്സവം നവംബർ 3, 4, 5, 6, തിയ്യതികളിൽ

ഏങ്ങണ്ടിയൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ

ഏങ്ങണ്ടിയൂർ സെന്റ് തോമസ് ഹൈസ്കൂളിൽ നടന്ന സംഘാടക സമിതി യോഗം തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ.സി പ്രസാദ് ഉദ്ഘാടനം ചെയ്തു.എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു സുരേഷ് അധ്യക്ഷത വഹിച്ചു. സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ മാനേജർ ഫാദർ സജു വടക്കേത്തല അനുഗ്രഹപ്രഭാഷണം നടത്തി. വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അമ്പിളി കെ വി ആമുഖഭാഷണം നടത്തി. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് നിമിഷ അജീഷ്,ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ് കെ ബി , എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ ബി സുദർശൻ, ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുശീല സോമൻ,തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് അംഗം സുധ കെ ബി ,എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് അംഗം ഉഷ വി പുരുഷോത്തമൻ, സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ബെസ്സി സി സി, ബി പി സി മാരായ ടി വി ചിത്രകുമാർ, എൻ വി പ്രശാന്ത്,ഉപ ജില്ലാ വിദ്യാഭ്യാസ വികസന സമിതി കൺവീനർ ശ്രീജ മൗസമി,സ്കൂൾ പിടിഎ പ്രസിഡണ്ട് രാധാകൃഷ്ണൻ പുളിഞ്ചോട്,ഹാരിസ് ബാബു,നൗഷാദ് കൊട്ടിലിങ്ങൽ,വികസന സമിതി വൈസ് ചെയർമാൻമാരായ എ.എ. ജാഫർ,സി കെ ബി ജോയ്,സ്കൂൾ മാതൃ സംഗമം പ്രസിഡണ്ട് സൗമ്യ രമേഷ്, സെന്റ്തോമസ് ഹൈസ്കൂൾ പ്രധാന അധ്യാപകൻ വി കെ സോജൻ , എൽ പി സ്കൂൾ പ്രധാനാധ്യാപിക സിസ്റ്റർ ഫ്ലമിയ, വികസന സമിതി കൺവീനർമാരായ സി കെ സനീഷ്,എം എ സാദിഖ്,സീജ ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ :ചെയർമാൻ :ബിന്ദു സുരേഷ് (പ്രസിഡണ്ട്, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്) ജനറൽ കൺവീനർ : ബെസ്സി സി സി (പ്രിൻസിപ്പൽ, സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ)ട്രഷറർ : അമ്പിളി കെ വി (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വലപ്പാട്)

കുസൃതിക്കൂട്ടത്തോടൊപ്പം എൻ.എസ്.എസ്. ദിനാഘോഷം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് കോളേജിൽ എൻ.എസ്.എസ്. ദിനം കുസൃതിക്കൂട്ടത്തോടൊപ്പം ആഘോഷിച്ചു. ഇരിങ്ങാലക്കുട ഐറ ഫൗണ്ടേഷൻ പ്രത്യേക പരിഗണന അർഹിക്കുന്നവരും അല്ലാത്തവരുമായ കുട്ടികൾക്കായി ഞായറാഴ്ച്ച തോറും കോളേജിൽ വെച്ച് നടത്തുന്ന സഹാന പദ്ധതിയിലെ കുട്ടികളുമായാണ്

'കുസൃതിക്കൂട്ടം' എന്ന് പേരിട്ട പരിപാടി നടത്തിയത്. ഇരിങ്ങാലക്കുട ലയൺസ് ക്ലബ്ബുമായി സഹകരിച്ചുകൊണ്ട് കോളേജിലെ പത്മഭൂഷൺ ഫാ. ഗബ്രിയേൽ സെമിനാർ ഹാളിൽ വെച്ചുനടന്ന പരിപാടി വാർഡ് കാൺസിലർ ഫെനി എബിൻ വെള്ളാനിക്കാരൻ ഉദ്ഘാടനം ചെയ്തു.എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ശ്രീമതി വീണ സാനി സ്വാഗതമാശംസിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഫ്ലവററ്റ് അധ്യക്ഷപദം അലങ്കരിച്ചു. ഐറ ഫൗണ്ടേഷൻ സ്ഥാപക യായ ശ്രീമതി റൈമ,ലയൺസ് ക്ലബ്ബ് പ്രസിഡണ്ട് ലയൺ മനോജ് ഐബൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എൻ.എസ്.എസ്.വളന്റിയർ കുമാരി എൽബ നന്ദി രേഖപ്പെടുത്തി. തുടർന്ന് കുസൃതിക്കൂട്ടം അവതരിപ്പിച്ച കലാപരിപാടികളും എൻ.എസ്.എസ്. വളന്റിയർമാർ ഒരുക്കിയ കളികളും സ്നേഹവിരുന്നും സമ്മാനദാനവും നടന്നു.

എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ മിസ്. വീണ സാനി, ഡോ. ഉർസുല എൻ., അധ്യാപകരായ മിസ്. മഞ്ജു ഡി., മിസ്. ധന്യ കെ.ഡി. എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

കരോക്കെ ജുഗൽബന്തി

ഓസ്ട്രേലിയയിലെ കീൻസ്ലാഡിലെ ടൗൺസ്വില്ലെയിൽ നടന്ന ഇന്ത്യ ഫെസ്റ്റ് 2025നോട് അനുഭന്ധിച്ച് കൊരമ്പു മൃദംഗ കളരിയിലെ വിദ്യാർത്ഥികളടക്കം പങ്കെടുത്ത കരോക്കെ സംഗീത ക്കച്ചേരി അവതരിപ്പിച്ചു. ക്ലാസിക്കൽ പ്രോഗ്രാമുകളിൽ ആദ്യമായിട്ടാണ് കരോക്കെ സംഗീതക്കച്ചേരി അവതരിപ്പിക്കുന്നത്.കൊരമ്പു മൃദംഗ കളരിയിലെ 22ഓളം വിദ്യാർത്ഥികൾ ചേന്നുവായിച്ച മൃദംഗതാളത്തിന്റെ ദ്രുശ്യശബ്ദാവിഷ്കാരത്തിന്റെ ഒപ്പമാണ് ടൗൺസ്വില്ലെയിലെ ഇന്ത്യ ഫെസ്റ്റ് 2025ൽ മധു മേനോൻ പുല്ലാങ്കുഴലിലും ജോയ് തേരുള്ളി തബലയും വായിച്ച് സംഗീതക്കച്ചേരി അവതരിപ്പിച്ചത്. അഞ്ച് വയസ്സ് മുതൽ പതിനഞ്ച് വയസ്സ് വരെയുള്ള 22ഓളം വിദ്യാർത്ഥികളാണ് മൃദംഗവാദനത്തിൽ പങ്കെടുത്തത്. ഇത്രയും കൊച്ചുകുട്ടികളുടെ മൃദംഗവായന പ്രേക്ഷകമനസ്സ് കീഴടക്കി.വ്യത്യസ്ത മനോധർമ്മങ്ങളും താളവേഗതയും കണക്കാക്കി മൃദംഗം വായിച്ച് റെക്കോട് ചെയ്ത് കരോക്കെയുടെ ഒപ്പമാണ് ടൗൺസ്സില്ലയിൽ പുല്ലാങ്കുഴൽ കച്ചേരി ലൈവായി ചെയ്തത് പ്രേക്ഷർക്ക് അത്യത്ഭുതമുളവാക്കി. അര മണിക്കൂറോളം നീണ്ടുനിന്ന പരിപാടിക്ക് വിക്രമൻ നബൂതിരി ഓൺലൈനായി നേതൃത്വം നൽകി.

ഔഷധിയുടെ ആധുനിക വത്കരിച്ച പ്ലാൻറ്, ഓഫീസ് സമുച്ചയം, പുതിയ ഔഷധി പ്ലാൻറ് എന്നിവ ആരരാഗ്യ വനിതാ-ശിശു വികസന വകുപ്പ് മന്ത്രി വീണാജോർജ്ജ് നിർവ്വഹിക്കുന്നു. ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്ജ് (എക്സ് എം. എൽ.എ), മാനേജിംഗ് ഡയറക്ടർ ജി.കെ ഹൃദീക, ഭരണ സമിതി അംഗങ്ങൾ കെ എഫ് ഡേവിസ്, കുരിയാക്കോസ് പ്ലാപ്പറമ്പിൽ എന്നിവർ സമീപം

സെക്യൂരിറ്റി ജീവനക്കാരനെ ക്രിക്കറ്റ് ബാറ്റ്കൊണ്ട് അടിച്ച് ഗുരുതരപരിക്കേൽപിച്ച കേസ്:

പ്രതിക്ക് 6 വർഷവും, 3 മാസവും കഠിനതടവും 6500 രൂപ പിഴയും ശിക്ഷ



തൃശൂർ: മുൻവൈരാഗ്യം മൂലം അയൽവാസിയായ സെക്യൂരിറ്റി ജീവനക്കാരനെ റോഡിൽ വെച്ച് അസഭ്യം പറയുകയും, ഉന്തിത്തള്ളിയിടുകയും, ക്രിക്കറ്റ് ബാറ്റ് കൊണ്ട് തലക്കടിച്ച് ഗുരുതരപരിക്കേല്പിക്കുകയും, തടയാൻ ചെന്ന സെക്യൂരിറ്റി ജീവനക്കാരന്റെ ഭാര്യയെ തലക്കടിച്ച് പരിക്കേല്പിക്കുകയും ചെയ്ത കേസിലെ പ്രതിയായ തൃശ്ശൂർ മെഡിക്കൽ കോളേജ് വെളപ്പായ ദേശത്ത് കിഴക്കേപുരയ്ക്കൽ ശ്രീകുമാറിനെ(46) വിവിധ വകുപ്പുകളിലായി 6 വർഷം 3 മാസം കഠിനതടവിനും, 6500 രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ പ്രിൻസിപ്പൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി തേജോമയി തമ്പുരാട്ടി ശിക്ഷ വിധിച്ചു. പിഴയടക്കുന്ന പക്ഷം പിഴത്തുക പരിക്കേറ്റവർക്ക് നൽകാനും വിധിയിൽ പറഞ്ഞിട്ടുണ്ട്. തുകയടക്കാത്ത പക്ഷം അധികത്തടവ് അനുഭവിക്കേണ്ടി വരും.

2019മെയ് 23ന് രാത്രി 8 മണിക്കാണ് കേസിനാസ്പദമായ സംഭവം നടന്നത്. ശ്രീകുമാറിന്റെ അയൽവാസിയും, സെക്യൂരിറ്റി ജീവനക്കാരനായ 64 വയസ്സുകാരനായ പരമേശ്വരനെയാണ് പ്രതി ക്രിക്കറ്റ് ബാറ്റ് കൊണ്ട് ക്രൂരമായി മർദ്ദിച്ച് പരിക്കേല്പിച്ചത്. തിയുടെ മാതാവിനെ വേണ്ട വിധം സംരക്ഷിക്കുന്നില്ലെന്ന് പ്രതിയുടെ അയൽവാസിയായ പരമേശ്വരൻ പറഞ്ഞുവെന്നാരോപിച്ചാണ് ശ്രീകുമാർ പരമേശ്വരനെ കയ്യേറ്റം ചെയ്തത്.

വഴിയിൽ പരമേശ്വരനെ കണ്ടപ്പോൾ പ്രതി ക്രിക്കറ്റ് ബാറ്റ് കൊണ്ട് അടിക്കുകയും, അതിനിടയിൽ പരമേശ്വരന്റെ ഭാര്യ തടയാൻ ശ്രമിച്ചപ്പോൾ അവരെയും പ്രതി ബാറ്റുകൊണ്ട് അടിച്ച് പരിക്കേല്പിക്കുകയായിരുന്നു. ഭാര്യ തടഞ്ഞില്ലായിരുന്നെങ്കിൽ പരമേശ്വരന് മരണകാരണമാകുന്ന വിധം പരിക്കേൽക്കുമായിരുന്നു.

പരാതി ലഭിച്ചതിനെത്തുടർന്ന് മെഡി. കോളേജ് സബ് ഇൻസ്സ്പെക്ടറായ അരുൺഷാ എസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങുകയായിരുന്നു. പിന്നീട് പ്രതി വെളപ്പായ ശിവക്ഷേത്രപരിസരത്ത് നിൽക്കുന്നതറിഞ്ഞ പോലീസ് സ്ഥലത്ത് ചെന്ന് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. കേസ് വിചാരണയിൽ പ്രോസിക്യൂഷൻ നടപടികൾക്ക് സീനിയർ സിപിഒ മണികണ്ഠൻ സഹായം നൽകി.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും ഒൻപത് സാക്ഷികളെ വിസ്തരിക്കുകയും, തൊണ്ടിമുതൽ കൂടാതെ പതിനൊന്ന് രേഖകളും ഹാജരാക്കിയിരുന്നു.

പ്രോസിക്യൂഷനു വേണ്ടി അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ലാജു ലാസർ എം., അഡ്വ. രാജീവ് കുമാർ സി. എന്നിവർ ഹാജരായി .

കാരുകുളങ്ങര ശ്രീ ലക്ഷ്മി നരസിംഹ സ്വാമി ക്ഷേത്രത്തിലെ നവരാത്രി ഉത്സവം

ഇരിങ്ങാലക്കുട: കാരുകുളങ്ങര ശ്രീ ലക്ഷ്മിനരസിംഹ സ്വാമി ക്ഷേത്രത്തിലെ നവരാത്രി ഉത്സവം ആഘോഷ പരിപാടികൾക്കു ഡോ. വിനിത ജയകൃഷ്ണൻ ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചു.

ഭക്തിനിർഭരമായ ചടങ്ങിൽ ഇന്നത്തെ സമൂഹത്തിൽ പുതിയ ജീവിത സാഹചര്യത്തിൽ നമ്മൾ അനുഷ്ഠിക്കേണ്ട ജീവിതചര്യയെ കുറിച്ചും കുട്ടികളിൽ ഉണ്ടാവേണ്ട ഭയഭക്തി ബഹുമാനങ്ങളെക്കുറിച്ചും അതിന് എപ്രകാരം മാതാപിതാക്കൾ ശ്രദ്ധിക്കണം എന്നതിനെക്കുറിച്ചും മാറിവരുന്ന തലമുറകളെ എപ്രകാരം ചേർത്തുനിർത്താം എന്നും വിനീത പുരാണ കഥാഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് തന്നെ വളരെ സരസമായി പ്രഭാഷണം നടത്തുകയുണ്ടായി.

കാരുകുളങ്ങരക്കാരുടെ അഭിമാനമായ വിനീത ജയകൃഷ്ണൻ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കലാലയത്തിലെ സംസ്കൃത വിഭാഗാധ്യക്ഷയും അസിസ്റ്റന്റ് അസിസ്റ്റന്റ് പ്രൊഫസറും ആണ്. ഡോ. വിനിത കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പട്ടാമ്പി നീലകണ്ഠ ഗവ, സംസ്കൃത കോളേജിലെ റിസർച്ച് സൂപ്പർവൈസർ കൂടിയാണ്. നാരായണീയം, ഭഗവദ്ഗീത, അക്ഷരശ്ലോകം തുടങ്ങിയവ പ്രായഭേദമെന്യേ സേവന മനോഭാവത്തോടെ 30 വർഷമായി അഭ്യസിപ്പിച്ചുവരുന്നു. ക്രൈസ്റ്റ് ഓപ്പൺ കോഴ്സ്‌വെയർ എന്ന ഓൺലൈൻ അധ്യാപന മാധ്യമത്തിലൂടെ സംസ്കൃത ക്ലാസ്സുകൾ വേൾഡ് വൈഡായി നൽകുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ നാരായണീയം അക്ഷരശ്ലോകം സുവർണ്ണ മുദ്ര, ഭാരത രത്നമദർ തെരേസ ഗോൾഡ് മെഡൽ അവാർഡ് എന്നീ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആധ്യാത്മിക പ്രഭാഷണങ്ങളും പ്രബന്ധാവതരണങ്ങളും അവതരിപ്പിച്ചു വരുന്നു.

ലഹരിവിരുദ്ധ ജനകീയ പ്രക്ഷോഭത്തിന് ഒക്ടോബർ 18 ന് തൃശ്ശൂരിൽ തുടക്കം കുറിക്കുന്നു

തൃശൂർ: പത്ത് വർഷത്തെ ഭരണം കേരളത്തെ ലഹരിമയമാക്കിയതിനെതിരെ അഖില കേരള അടിസ്ഥാനത്തിൽ ജനകീയ പ്രക്ഷോഭം ആരംഭിക്കാൻ മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. പ്രക്ഷോഭം മുൻ കെ പിസിസി പ്രസിഡന്റ് കെ മുരളീധരൻ ഉദ്ഘാടനം ചെയ്യും. വിവിധ മത - രാഷ്ട്രീയ - സാംസ്കാരിക നേതാക്കളെ പങ്കെടുപ്പിക്കുവാൻ യോഗം തീരുമാനിച്ചു.

സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കേരളത്തെ മദ്യവിമുക്തമാക്കുവാൻ ഇടതു പക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നിട്ട് പത്ത് വർഷം തികയുകയാണ്. ഇപ്പോൾ മദ്യം മാത്രമല്ല, മറ്റെല്ലാ ലഹരി പദാർത്ഥങ്ങളും കേരളത്തിൽ സുലഭമായി. എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എല്ലാ സ്കൂളുകളിലും ബോധവൽക്കരണം നടത്തിയിട്ടും ഇവയുടെ ഉപയോഗം കുറഞ്ഞില്ലെന്നു മാത്രമല്ല, നേരത്തേ ഉണ്ടായിരുന്നതിനേക്കാൾ പെരുകി. സർക്കാരിന്റെ താല്പര്യമില്ലായ്മയാണ് ഇതിനെല്ലാം കാരണം. ഇതിൽ പ്രതിഷേധിച്ചാണ് പ്രക്ഷോഭം നടത്തുവാൻ യോഗം തീരുമാനിച്ചത്

യോഗത്തിൽ ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, ട്രഷറർ അബ്ദുൽ റഷീദ്, വൈസ് പ്രസിഡന്റുമാരായ പ്രൊഫ ടി എം സുരേന്ദ്രനാഥ്, ആറാലുംമൂട് ചന്ദ്രബാബു, രാജാ രാജീവ് കുമാർ, ഹരി വെള്ളാനി, സെക്രട്ടറിമാരായ കമറുദ്ദീൻ വെളിയംകോട്, ദിനു മൊട്ടമൽ എന്നിവർ പ്രസംഗിച്ചു.

കോടതി പരസ്യം

ബഹു. രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

Dispute No. 81551/2021

EP No: 304/2023

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-വിധി ഉടമ

തൃശൂർ താലൂക്ക് മണലൂർ വില്ലേജ് പാന്തോട് ദേശത്ത് പള്ളിയിൽ വീട്ടിൽ അശോകൻ മകൻ സുനിൽ പി എ

- 1-ാം വിധി കടക്കാരൻ

കരട് പരസ്യ കാര്യത്തിൽ 1-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **07-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം 1-ാം വിധി കടക്കാരൻ ബഹു. കോടതിയിൽ ഹാജരില്ലാത്ത പക്ഷം ടിയാനെ എക്സ് പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്,